## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2790** **17.06.2019-ൽ മറുപടിക്ക്**

## മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും തൊഴിൽ സംസ്കാരവും ഉറപ്പ് വരുത്തുവാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനിൽ അക്കര : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് കൂടുതൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും തൊഴിൽ സംസ്കാരവും ഉറപ്പ് വരുത്തുവാൻ വ്യാവസായിക വാണിജ്യ സ്ഥാപനങ്ങൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്റ്റിനു കീഴിൽ വരുന്ന വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തന മികവിനും സേവന വേതന വ്യവസ്ഥകൾക്കും പ്രോത്സാഹനം നൽകുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2017 വർഷം മുതൽ ഗ്രേഡിംഗ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇതിന് നിശ്ചയിച്ച മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) നിലവിൽ താഴെ പറയുന്ന പൊതുമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് നൽകിവരുന്നത്.<br>1. മികച്ച തൊഴിൽ ദാതാവ്<br>2. സംതൃപ്തരായ തൊഴിലാളികൾ<br>3. മികവുറ്റ തൊഴിൽ അന്തരീക്ഷം<br>4. തൊഴിൽ നൈപുണ്യ-വികസന പങ്കാളിത്തം.<br>5. സ്ത്രീ സൗഹൃദ അന്തരീക്ഷം<br>6. തൊഴിലാളികളുടെ ക്ഷേമം<br>7. തൊഴിലിടത്തിലെ സുരക്ഷ |
| (സി) ഗ്രേഡിംഗിനോടുള്ള വ്യവസായ വാണിജ്യ മേഖലയുടെ പ്രതികരണം എന്താണ്; ഇത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (സി) വ്യവസായ വാണിജ്യ മേഖല ഗ്രേഡിംഗ് സമ്പ്രദായത്തെ വളരെ താല്പര്യപൂർവ്വം സ്വാഗതം ചെയ്തിട്ടുണ്ട്. 2018 വർഷം മുതൽ കൂടുതൽ മേഖലകളെ ഉൾപ്പെടുത്തി ഗ്രേഡിംഗ് പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഗ്രേഡിംഗ് . ഏർപ്പെടുത്തിയതോടുകൂടി പ്രസ്തുത സ്ഥാപനങ്ങളിലെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുവാൻ സാധിച്ചതായി വിലയിരുത്തുന്നുണ്ടോ എന്നറിയിക്കാമോ? | (ഡി) വിലയിരുത്തുന്നുണ്ട്. . ഗ്രേഡിംഗിൽ വജ്ര, സുവർണ്ണ, രജത എന്നിങ്ങനെയുള്ള ഗ്രേഡുകളാണ് സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളത്. ഗ്രേഡ് ലഭ്യമാകാത്ത സ്ഥാപനങ്ങൾ വകുപ്പ് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമുള്ള അവസ്ഥ മെച്ചപ്പെടുത്തി ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.